**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 30

# വാർത്താക്കുറിപ്പ്

---

## ലഹരിക്കെതിരെ എം.ജി. സർവ്വകലാശാല ഏകദിന ശില്പശാലകൾ സംഘടിപ്പിക്കുന്നു

മഹാത്മഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡന്റ് സർവ്വീസസിന്റെ ആഭിമുഖ്യത്തിൽ സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ 'ഞാൻ മാറുന്നു എന്നിലൂടെ സമൂഹവും' എന്ന തലക്കെട്ടിൽ സംഘടിപ്പിക്കുന്ന എന്ന ഏകദിന ശില്പശാലയുടെ ഉദ്ഘാടനം മാന്നാനം കെ.ഇ കോളേജിൽ വച്ച് മഹാത്മ ഗാന്ധി സർവ്വകലാശാല വൈസ് ചാൻസിലർ ഡോ.സാബു തോമസ് നിർവ്വഹിച്ചു. വിവിധ തരത്തിലുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം വ്യക്തികളിലും അതുവഴി സമൂഹത്തിലും സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോദ്ധ്യപ്പെടുത്താനും അവയെ നേരിടാനുള്ള പരിഹാരമാർഗ്ഗങ്ങളെന്തെന്നു ചിന്തിക്കാനുമാണീ ഏകദിന ശില്പശാല ലക്ഷ്യം വയ്ക്കുന്നത്.

ഉദ്ഘാടന സമ്മേളനത്തിൽ കെ.ഇ  കോളേജ് പ്രിൻസിപ്പൽ ഡോ.ഐസൺ വി. വഞ്ചിപുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവ്വീസസ് ഡയറക്ടർ എബ്രാഹം കെ. സാമുവൽ, വൈസ്  പ്രിൻസിപ്പൽ റവ.ഡോ.സേവ്യർ സി.എസ് - സി.എം.ഐ, ബർസാർ റവ.ഫാ.ബിജു തോമസ്  സി.എം.ഐ, സ്റ്റാഫ് സെക്രട്ടറി ഡോ. ഫെബി ജോസ് എന്നിവർ സംസാരിച്ചു .ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമാനിറ്റീസ് ജർമനിയുടെ ഫാക്കൽറ്റി ഡോ. മൊട്ടി സക്കറിയ ഏകദിനശില്പശാലയിൽ ക്ലാസ്സുകൾ നയിച്ചു .

**ഫോട്ടോ ക്യാപ്ഷൻ:** ലഹരിക്കെതിരെ എം.ജി. സർവ്വകലാശാല സംഘടിപ്പിച്ച ഏകദിന ശില്പശാലയുടെ ഉദ്ഘാടനം കെ.ഇ കോളേജിൽ വച്ച് വൈസ് ചാൻസലർ ഡോ.സാബു തോമസ് നിർവഹിക്കുന്നു.

(പി.ആർ.ഒ./39/1255/2022)

## എം.ജി. യിൽ ബിരുദ സർട്ടിഫിക്കറ്റ് അപേക്ഷ തീർപ്പാക്കൽ സെപ്റ്റംബർ രണ്ടിന്

ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി ബിരുദ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി ഒരു സ്പെഷ്യൽ ഡ്രൈവ് സർവ്വകലാശാല ആരംഭിച്ചിരുന്നു. പോരായ്മകളില്ലാത്ത അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാവുന്നില്ല എന്നതിനാൽ അപേക്ഷകർ ഇനിയും പോരായ്മകൾ പരിഹരിക്കാത്ത അപേക്ഷകൾക്ക് വേണ്ടിയാണ് സ്പെഷ്യൽ ഡ്രൈവ് നടത്തുന്നത്.  ഇതിന്റെ ആദ്യഘട്ടത്തിൽ

അപേക്ഷ സമർപ്പിച്ചവർ സെപ്റ്റംബർ രണ്ടിന് രാവിലെ 11 മണിക്ക് പരീക്ഷാഭവനിൽ ഹാജരാകാൻ അറിയിപ്പ് നൽകിയിട്ടുണ്ട്. പോരായ്മകൾ ഇ-മെയിൽ മുഖാന്തിരം പരിഹരിച്ചവർക്ക് ബിരുദ സർട്ടിഫിക്കറ്റുകൾ അന്നേ ദിവസം നേരിട്ട് കൈപ്പറ്റാവുന്നതാണ്. സ്പെഷ്യൽ ഡ്രൈവിൽ അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്ക് വിവരങ്ങൾ നൽകാൻ ഒരവസരം കൂടി നൽകും. ഇവർക്ക് സർവ്വകലാശാല വെബ്സൈറ്റിൽ നൽകിയിട്ടുള്ള ഗൂഗിൾഫോമിൽ സെപ്റ്റംബർ അഞ്ച് വരെ വിവരങ്ങൾ നൽകാവുന്നതാണെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ./39/1256/2022)

## പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് 2022 - അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പഠന വകുപ്പുകളിലേക്ക് 2022 വർഷത്തേക്കുള്ള മുഴുവൻ സമയ ഗവേഷകർക്കായി പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന് അപേക്ഷ ക്ഷണിച്ചു. കുറഞ്ഞത് 10 ഗവേഷകരെങ്കിലുമുള്ള മുഴുവൻ സർവ്വകലാശാല പഠനവകുപ്പുകളിലും രണ്ട് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് ഏർപ്പെടുത്തുന്നതിനും ആകെ രണ്ട് വർഷ കാലയളവിലേക്ക് മാസം 35000 രൂപ വീതം ഫെലോഷിപ്പും 50000 രൂപ വീതം കണ്ടിൻജൻസി ഗ്രാന്റും അനുവദിച്ചു. അപേക്ഷ സമർപ്പിക്കുന്നതിന് തൊട്ട് മുൻപുള്ള മൂന്ന് വർഷത്തിനുള്ളിൽ ലഭിച്ച പി.എച്ച്.ഡി. ബിരുദമാണ് യോഗ്യത. 40 വയസ്സ് തികഞ്ഞവർ, വനിതകൾ, എസ്.സി./ എസ്.ടി. വിഭാഗക്കാർ എന്നിവർക്ക് മൂന്ന് വർഷത്തെ ഇളവുണ്ട്. സംവരണവിഭാഗങ്ങളുടെ തെരഞ്ഞെടുപ്പ് യൂണിവേഴ്സിറ്റി മാനദണ്ഡപ്രകാരമായിരിക്കും. അപേക്ഷ അനുബന്ധരേഖകൾ സഹിതം സെപ്റ്റംബർ 30 ന് വൈകിട്ട് അഞ്ച് മണിക്കകം ബന്ധപ്പെട്ട പഠന വകുപ്പിൽ സമർപ്പിക്കണം. അപേക്ഷാഫോറത്തിനും വിശദവിവരങ്ങൾക്കും സർവ്വകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ./39/1257/2022)

## പ്രൈവറ്റ് രജിസ്ട്രേഷൻ അപേക്ഷ - തെറ്റ് തിരുത്താൻ അവസരം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 2021 അഡ്മിഷൻ പി.ജി. (പ്രൈവറ്റ് രജിസ്ട്രേഷൻ) കോഴ്സുകൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് തങ്ങളുടെ അപേക്ഷയിലെ ന്യൂനതകൾ സെപ്റ്റംബർ മൂന്ന് വൈകിട്ട് നാല് മണി വരെ പരിഹരിക്കാമെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ./39/1258/2022)

## എം.ടെക്ക് കോഴ്സുകളിലേക്ക് സ്പോട്ട് അഡ്മിഷൻ

മഹാത്മഗാന്ധി സർവ്വകലാശാല പുതുതായി ആരംഭിച്ച എം.ടെക് കോഴ്സുകളായ നാനോസയൻസ് ആന്റ് നാനോ ടെക്നോളജി, എനർജി സയൻസ് ആന്റ് ടെക്നോളജി, അഡ്വാൻസ്ഡ് പോളിമെറിക് മെറ്റീരിയൽസ് എന്നിവയിൽ സീറ്റുകൾ ഒഴിവുണ്ട്. കെമിക്കൽ/ മെക്കാനിക്കൽ/ പോളിമർ / റബ്ബർ / നാനോടെക്നോളജി/ സിവിൽ/ ഇ.ഇ.ഇ. തുടങ്ങിയ ബന്ധപ്പെട്ട വിഷയങ്ങളിൽ എൻജിനിയറിംഗ് ബിരുദമോ, എം.എസ്.സി ബിരുദമോ ആണ് യോഗ്യത. താത്പര്യമുള്ളവർ ആവശ്യമായ രേഖകൾ സഹിതം സെപ്റ്റംബർ അഞ്ചിന് രാവിലെ

10 മണിക്ക് സർവ്വകലാശാലയിൽ എത്തുക. കൂടുതൽ വിവരങ്ങൾക്ക് 7736997254 എന്ന ഫോൺ നമ്പറിലോ materials@mgu.ac.in എന്ന ഇ-മെയിൽ മുഖേനയോ ബന്ധപ്പെടുക.

(പി.ആർ.ഒ./39/1259/2022)

## കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാല ഹാർഡ്‌വെയർ ക്ലിനിക്കിൽ ഹാർഡ്‌വെയർ എഞ്ചിനീയർമാരുടെ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത, അപേക്ഷിക്കേണ്ട രീതി തുടങ്ങിയ വിവരങ്ങൾ www.mgu.ac.in എന്ന സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/1260/2022)

## ഡിപ്ലോമ കോഴ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ (ഐ.യു.സി.ഡി.എസ്.) 'പാലിയേറ്റീവ് കെയർ' എന്ന വിഷയത്തിൽ മൂന്ന് മാസത്തെ ഡിപ്ലോമ കോഴ്സ് സെപ്റ്റംബർ 14 ന് ആരംഭിക്കുന്നു. പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481-2731580, 9746085144, 8547165178, ഇ-മെയിൽ: iucdsmgu@gmail.com.

(പി.ആർ.ഒ./39/1261/2022)

## അപേക്ഷാ തീയതി

ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്റർ ബി.വോക് (2016-2018 അഡ്മിഷൻ - സപ്ലിമെന്ററി / 2014-2015 അഡ്മിഷൻ - മെഴ്സി ചാൻസ് - പഴയ സ്കീം) പരീക്ഷകൾക്ക് പിഴയില്ലാതെ സെപ്റ്റംബർ 26 മുതൽ 28 വരെയും പിഴയോടു കൂടി സെപ്റ്റംബർ 29 നും സൂപ്പർഫൈനോടു കൂടി സെപ്റ്റംബർ 30 നും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1262/2022)

നാലാം സെമസ്റ്റർ എം.ആർക്ക് (2019 അഡ്മിഷൻ - റെഗുലർ) കോഴ്സിന്റെ ലാൻഡ്സ്കേപ്പ് ആർക്കിടേക്ചർ തീസീസിന്റെ തീസീസ് ഇവാല്യുവേഷൻ, വൈവാ വോസി പരീക്ഷകൾക്ക് പിഴയില്ലാതെ സെപ്റ്റംബർ 13 വരെയും പിഴയോടു കൂടി സെപ്റ്റംബർ 14 നും സൂപ്പർഫൈനോടു കൂടി സെപ്റ്റംബർ 15 നും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1263/2022)

## പരീക്ഷാ ഫലം

2021 നവംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.ഡബ്ല്യു (2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി / 2015, 2014, 2013, 2012 അഡ്മിഷൻ - മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ 12 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/1264/2022)

2022 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്.സി. അപ്ലൈഡ് ഇലക്ട്രോണിക്സ് (റഗുലർ / സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ 13 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/1265/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**